ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 26.12.2025**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരങ്ങൾ രാജ്യത്തുടനീളമുള്ള കുട്ടികളെ പ്രചോദിപ്പിക്കുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു; കേരളത്തിൽ നിന്നുള്ള മുഹമ്മദ് സിദാൻ പുരസ്കാരത്തിന് അർഹനായി.

2. സംസ്ഥാനത്ത് കോർപറേഷൻ മേയർ, മുനിസിപ്പാലിറ്റി ചെയർപഴ്സൺ പദവികളിലേക്കുള്ള തിരഞ്ഞെടുപ്പ് നടപടികൾ പുരോഗമിക്കുന്നു; കൊച്ചി മേയറായി വി.കെ.മിനിമോൾ ചുമതലയേറ്റു.

3. തൃശ്ശൂർ കോർപ്പറേഷനിൽ നിജി ജസ്റ്റിനും കണ്ണൂർ കോർപ്പറേഷനിൽ പി. ഇന്ദിരയും കൊല്ലം കോർപ്പറേഷനിൽ എ.കെ. ഹഫീസും പുതിയ മേയർ.

4. ആലപ്പുഴയിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഇന്നും നാളെയും പക്ഷികളെ കൊന്നൊടുക്കും.

5. മണ്ഡലപൂജയ്ക്ക് അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കി ഘോഷയാത്ര ഇന്ന് ശബരിമല സന്നിധാനത്തെത്തും.

6. ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി- 20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ.

RNU TVPM

## രാഷ്ട്രീയ ബാൽ പുരസ്കാരങ്ങൾ (ഇൻട്രോ)

പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്‌കാരങ്ങൾ സ്വീകർത്താക്കളെ പ്രോത്സാഹിപ്പിക്കുകയും രാജ്യത്തുടനീളമുള്ള കുട്ടികളെ പ്രചോദിപ്പിക്കുകയും ചെയ്യുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു . അവാർഡ് നേടിയ കുട്ടികൾ ധീരത, കല, സംസ്കാരം, പരിസ്ഥിതി, നവീകരണം, ശാസ്ത്ര സാങ്കേതിക വിദ്യ എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ അസാധാരണമായ സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് രാഷ്ട്രപതി ചൂണ്ടിക്കാട്ടി. ന്യൂഡൽഹിയിൽ പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്‌കാരങ്ങൾ സമ്മാനിക്കുകയായിരുന്നു ശ്രീമതി മുർമു. (ഹോൾഡ് വോയിസ് )

20 കുട്ടികളെ ഈ വർഷത്തെ പുരസ്‌കാരത്തിനായി തിരഞ്ഞെടുത്തിരുന്നു. കേരളത്തിൽ നിന്നുള്ള മുഹമ്മദ് സിദാൻ പുരസ്കാരത്തിന് അർഹനായി. വീർ ബാൽ ദിവസുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന പരിപാടിയെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അഭിസംബോധന ചെയ്യും.

RNUTVPM

## മേയർ

സംസ്ഥാനത്ത് കോർപറേഷൻ മേയർ, മുനിസിപ്പാലിറ്റി ചെയർപഴ്സൺ പദവികളിലേക്കുള്ള തിരഞ്ഞെടുപ്പ് പുരോഗമിക്കുന്നു. ഡെപ്യൂട്ടി മേയർമാരുടെയും വൈസ് ചെയർപഴ്സൺമാരുടെയും തിരഞ്ഞെടുപ്പ് ഉച്ചകഴിഞ്ഞ് 2.30 ന് നടക്കും. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നാളെയാണ്.

## മേയർ സ്ഥാനാർത്ഥി

കൊച്ചിയുടെ പുതിയ മേയറായി വി.കെ.മിനിമോൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. 48 വോട്ടുകളാണ് മിനിമോൾ നേടിയത്. തൃശ്ശൂർ കോർപ്പറേഷൻ മേയർ ആയി കോൺഗ്രസിൻറെ നിജി ജസ്റ്റിൻ തിരഞ്ഞെടുക്കപ്പെട്ടു. 35 വോട്ടുകളാണ് നിജി നേടിയത്. കണ്ണൂർ കോർപ്പറേഷനിൽ മേയറായി പി. ഇന്ദിര തിരഞ്ഞെടുക്കപ്പെട്ടു. 56 അംഗ കോർപറേഷൻ കൗൺസിലിൽ യുഡിഎഫ് സ്ഥാനാർത്ഥിയായി മത്സരിച്ച പി.ഇന്ദിരക്ക് 36 വോട്ടും എൽഡിഎഫിലെ വി.കെ.പ്രകാശിനിക്ക് 15 ഉം ബിജെപി സ്ഥാനാർത്ഥിയായി മത്സരിച്ച അർച്ചന വണ്ടിച്ചാൽ നാലും വോട്ടുകളും നേടി. UDF ൻ്റെ എ.കെ. ഹഫീസ് കൊല്ലം കോർപ്പറേഷൻ മേയറായി തെരഞ്ഞെടുക്കപ്പെട്ടു. 56 അംഗ കൗൺസിൽ വോട്ടെടുപ്പിൽ ഹഫീസിന് 28 വോട്ട് ലഭിച്ചു.

തിരുവനന്തപുരം കോർപറേഷൻ മേയർ സ്ഥാനാർഥിയായി BJP യുടെ V.V രാജേഷും, എൽഡിഎഫിലെ ആർ പി ശിവജിയെയും യുഡിഎഫ് കെ.എസ് ശബരിനാഥുമാണ് മത്സരിക്കുന്നത്. കോഴിക്കോട് കോർപറേഷനിൽ മേയർ സ്ഥാനാർത്ഥിയായി LDF -നായി ഒ. സദാശിവനും , UDFനായി എസ് കെ.അബു ബക്കറും NDA ക്കായി നമ്പിടിനാരായണനുമാണ് മത്സരിക്കുന്നത്. ഇവിടെ ആദ്യ റൗണ്ട് വോട്ടെടുപ്പ് പൂർത്തിയായി വേട്ടെണ്ണൽ ആരംഭിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## തിരഞ്ഞെടുപ്പ് - മുൻസിപ്പാലിറ്റി

മുനിസിപ്പാലിറ്റികളിലും അധ്യക്ഷ, ഉപാധ്യക്ഷ തെരഞ്ഞെടുപ്പ് ഇന്ന് നടക്കുന്നുണ്ട്. പാലാ നഗരസഭയുടെ ചെയർപേഴ്സണായി ദിയ

RNU TVPM

പുളിക്കകണ്ടം ചുമതലയേറ്റു. യുഡിഎഫ് സ്ഥാനാർഥിയായ ദിയ 14 വോട്ടുകളാണ് നേടിയത്. കണ്ണൂർ ശ്രീകണ്ഠപുരം നഗരസഭയിൽ യുഡിഎഫിലെ ഇ.വി.രാമകൃഷ്ണനെ ചെയർപേഴ്സൺ ആയി തിരഞ്ഞെടുത്തു. പെരിന്തൽമണ്ണ നഗരസഭയുടെ ചെയർ പേഴ്സൺ ആയി മുസ്ലീംലീഗിലെ സുരയ്യ ഫാറൂഖ് തിരഞ്ഞെടുക്കപ്പെട്ടു. എതിർ സ്ഥാനാർത്ഥി സി.പി.എമ്മിലെ അമ്പിളി മനോജിനെ അഞ്ചു വോട്ടിനു പരാജയപ്പെടുത്തിയാണ് സുരയ്യ അധ്യക്ഷയായി തിരഞ്ഞെടുക്കപ്പെട്ടത്. സുരയ്യക്ക് 21 ഉം അമ്പിളി മനോജിനു 16 ഉം വോട്ടു ലഭിച്ചു. കൽപ്പറ്റയിൽ പി വിശ്വനാഥൻ 17 വോട്ട് നേടി ചെയർപേഴ്സൺ ആയി തിരഞ്ഞെടുക്കപ്പെട്ടു. പണിയ വിഭാഗത്തിൽ നിന്നുള്ള ആദ്യ ചെയർപേഴ്സൺ ആണ് അദ്ദേഹം.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## തദ്ദേശ വാർഡുകളിലെ തിരഞ്ഞെടുപ്പ്

സ്ഥാനാർത്ഥികളുടെ നിര്യാണത്തെ തുടർന്ന് വോട്ടെടുപ്പ് മാറ്റിവെച്ച മൂന്നു തദ്ദേശ വാർഡുകളിലെ തിരഞ്ഞെടുപ്പിന് നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടത്തും. മലപ്പുറം പായിപ്പാടം, എറണാകുളം ഓണക്കൂർ, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം എന്നീ വാർഡുകളിലാണ് തിരഞ്ഞെടുപ്പ്. ജനുവരി 12 നാണ് വോട്ടെടുപ്പ്. 13 നാണ് വോട്ടെണ്ണൽ.

☸☸☸☸☸☸☸☸☸☸☸☸☸

## വോട്ടർപട്ടിക പരിഷ്കരണം

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൻമേലുള്ള

പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## തീവ്ര വോട്ടർപട്ടിക-ഹെൽപ് ഡെസ്ക്

2025 ലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി കരട് വോട്ടർ പട്ടികയിൽ വിവിധ കാരണങ്ങളാൽ ഉൾപ്പെടാത്ത അർഹരായവരെ സഹായിക്കാൻ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. വില്ലേജ് ഓഫീസിൽ സൗകര്യമില്ലെങ്കിൽ തൊട്ടടുത്ത സർക്കാർ ഓഫീസുകളിൽ സൗകര്യമൊരുക്കും. ഇതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിന് അതത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## പക്ഷിപ്പനി (ഇൻട്രോ)

ആലപ്പുഴയിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഇന്നും നാളെയും പക്ഷികളെ കൊന്നൊടുക്കും. കോഴിയും താറാവുമുൾപ്പെടെ മേഖലയിലെ 19,000 ത്തോളം വളർത്തുപക്ഷികളെയാണ് കൊന്നൊടുക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി **ആർ രവികുമാർ....**

**(ഹോൾഡ് വോയ്സ്.............)**

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## ശബരിമല

മണ്ഡലപൂജയ്ക്ക് അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കി ഘോഷയാത്ര ഇന്ന് ശബരിമല സന്നിധാനത്തെത്തും. രഥഘോഷയാത്ര അല്പസമയത്തിനകം പമ്പാഗണപതിക്ഷേത്രത്തിലെത്തും. വൈകിട്ട് മൂന്നിനു പമ്പയിൽ നിന്ന് സനിധാനത്തേയ്ക്ക് തിരിക്കുന്ന തങ്കഅങ്കിയാത്ര 6.30ന് സന്നിധാനത്ത് എത്തിച്ചേരും. തുടർന്ന് സന്നിധാനത്ത് തങ്കയങ്കിചാർത്തിയുള്ള മഹാദീപാരാധന നടക്കും. നാളെ രാവിലെ 10.10 നും 11.30 നും മധ്യേയാണ് മണ്ഡലപൂജ.

## ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് (ഇൻട്രോ)

അഞ്ചാമത് ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിന് ഇന്ന് തുടക്കം. പ്രധാന വേദിയായ ബേപ്പൂർ മറീനയിൽ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം നിർവഹിക്കും. ഫെസ്റ്റിലെ മുഖ്യാകർഷണങ്ങളിൽ ഒന്നായ ഭക്ഷ്യമേളക്ക് ഇന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ് തുടക്കം കുറിക്കും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.

(ഹോൾഡ് വോയിസ്..)

## ചരിത്ര കോൺഗ്രസ്- കണ്ണൂർ (ഇൻട്രോ)

എൺപത്തി നാലാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസിന് മറ്റന്നാൾ തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജിൽ തുടക്കമാകും. ഇത് ആദ്യമായാണ് ഒരു ഗവൺമെൻറ് കോളേജ് ചരിത്ര കോൺഗ്രസിന് വേദിയാകുന്നത്.

RNU TVPM

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ. ശശിധരൻ....**

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## <u>വനിത ട്വന്റി-20</u>

ഇന്ത്യ- ശ്രീലങ്ക വനിതാ ടി 20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ. രാത്രി ഏഴിനാണ് പോരാട്ടം. 5 മത്സരങ്ങൾ അടങ്ങിയ പരമ്പരയിലെ അവസാന മൂന്ന് മത്സരങ്ങളാണ് തിരുവനന്തപുരത്ത് നടക്കുന്നത്. നാലാം മത്സരം മറ്റന്നാളും അഞ്ചാം മത്സരം ഈ മാസം 30 നും നടക്കും.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## <u>മൻ കി ബാത്ത്</u>

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11-ന്. പരിപാടിയുടെ 129-ാംാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഇന്ന് വരെ അറിയിക്കാം.

☸☸☸☸☸☸☸☸☸☸☸☸☸

## <u>ഓഹരി -സ്വർണം</u>

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 312 പോയിന്റ് നഷ്ടത്തിൽ 85,096 ലും നിഫ്റ്റി 80 പോയിന്റ് കുറഞ്ഞ് 26,061 ലും വ്യാപാരം തുടരുന്നു.

സ്വർണവിലയിൽ വർധന. സ്വർണം പവന് 560 രൂപ ഉയർന്ന് ഒരു ലക്ഷത്തി 680 രൂപയും, ഗ്രാമിന് 12,835 രൂപയുമാണ് ഇന്നത്തെ വില.

☸☸☸☸☸☸☸☸☸☸☸☸☸

## <u>കോഴിക്കോട് - ബോട്ട് സർവീസ്</u>

കോഴിക്കോടിൻ്റെ വിനോദസഞ്ചാര മേഖലയ്ക്ക് പുത്തൻ അനുഭവം സമ്മാനിക്കാൻ കോഴിക്കോട്-ബേപ്പൂർ റൂട്ടിൽ ആദ്യമായി ബോട്ട് സർവീസ് ആരംഭിക്കുന്നു. ബോട്ടിൻ്റെ ആദ്യ യാത്ര ഇന്ന് കോഴിക്കോട് ബീച്ചിൽ ഫ്രീഡം സ്ക്വയറിനു സമീപം മന്ത്രി പി.എ.മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ഒരു ബോട്ടിൽ 13 പേർക്ക് യാത്ര ചെയ്യാം. 15 മിനിറ്റാണ് യാത്രാ സമയം.

☸☸☸☸☸☸☸☸☸☸☸☸☸

RNU TVPM

## <u>വയനാട് - കടുവ</u>

വയനാട് വണ്ടിക്കടവ് നിവാസികളെ ഭീതിയിലാഴ്ത്തിയ കടുവ വനംവകുപ്പിന്റെ കൂട്ടിലായി. ഇന്ന് പുലർച്ചെ ഒന്നരയോടെയാണ് കടുവ കൂട്ടിൽ കുടുങ്ങിയത്. കഴിഞ്ഞ ശനിയാഴ്ച് ആദിവാസി മൂപ്പനെ കൊലപ്പെടുത്തിയ കടുവയാണിതെന്ന് വനംവകുപ്പ് സ്ഥിരീകരിച്ചു. ആരോഗ്യപ്രശ്നങ്ങൾ ഉള്ള കടുവ ആയതിനാൽ കാട്ടിൽ തുറന്നുവിടില്ലെന്നും കടുവയെ ബത്തേരി കുപ്പാടിയിലെ വനം വകുപ്പിന്റെ ആശുപത്രിയിലേക്ക് മാറ്റിഎന്നും അധികൃതർ അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸

☸☸☸☸☸